ഉത്തരം

(എ&ബി) കേന്ദ്ര സംഘം ടാറ്റായുടെ മുൻ കയ്യേറ്റം സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നില്ല.

(സി) കെ.ഡി.എച്ച്. വില്ലേജിലെ സർവ്വേ പൂർത്തിയായിവരുന്നു.

ടാറ്റ കയ്യേറിയ ഭൂമി തിരിച്ചു പിടിക്കാൻ നടപടി

109 (5294) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 50,000-ത്തോളം ഏക്കർ ഭൂമി ടാറ്റാ കയ്യേറിയിട്ടുണ്ടെന്ന് ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ പ്രഖ്യാപിക്കുകയുണ്ടായോ ;

(ബി) ടാറ്റ കയ്യേറിയെന്നു പ്രഖ്യാപിച്ച പ്രസ്തുത കയ്യേറ്റ ഭൂമിയിൽ എത്ര ഏക്കർ ഇതുവരെ തിരിച്ചു പിടിക്കാൻ കഴിഞ്ഞെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രീ. നാലകത്ത് സൂപ്പി ചെയർമാനായ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (1996-98) 14-4-1996-ന് നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിലാണ് ടാറ്റാ കമ്പനിയുടെ കൈവശം 50,000 ഏക്കറോളം ഭൂമിയുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഭൂമി ആരു കയ്യേറിയാലും ഒഴിപ്പിച്ചെടുക്കുമെന്ന് ഈ സർക്കാർ അധികാരത്തിലേറുമ്പോൾ പ്രഖ്യാപിച്ചിരുന്നു. കെ.ഡി.എച്ച്. വില്ലേജിൽ നടന്നുവരുന്ന സർവ്വേ പൂർത്തിയാകുമ്പോൾ ടാറ്റായടക്കമുള്ള കയ്യേറ്റക്കാരുടെ കയ്യിൽനിന്നും ഭൂമി വീണ്ടെടുക്കുന്നതാണ്.

കൈമാറ്റം ചെയ്യപ്പെടാൻ അധികാരമില്ലാത്ത ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ

110 (5298) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിയമപ്രകാരം കൈമാറ്റം ചെയ്യപ്പെടാൻ അധികാരമില്ലാത്ത ഭൂമിയെ കുറിച്ചുള്ള വിവരങ്ങൾ റവന്യൂ വകുപ്പിന്റെ ഏതെങ്കിലും ഓഫീസിൽ സൂക്ഷിക്കാറുണ്ടോ ; എങ്കിൽ ഏത് ഓഫീസിൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

നിയമപ്രകാരം കൈമാറ്റം ചെയ്യപ്പെടാൻ അധികാരമില്ലാത്ത ഭൂമിയെ കുറിച്ചുള്ള വിവരങ്ങൾ എന്ന തരത്തിൽ പ്രത്യേകമായി ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എന്നാൽ പുറംപോക്ക്, തരിശ്, പതിച്ചുകൊടുക്കാവുന്ന ഭൂമികൾ, അന്യംനിൽപ്പ് ഭൂമികൾ എന്നിവയ്ക്കായി പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ വില്ലേജ് തലത്തിൽ സൂക്ഷിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly